**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം**
**(ഹാജർ: ഡോ.പി.കെ.ജയശ്രീ ഐ.എ.എസ്)**

വിഷയം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ 2019 വർഷത്തെ പൊതുസ്ഥലംമാറ്റം - കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:
1. സ.ഉ.(പി) നം.3/2017/ഉ.പ.ഭ.വ, തീയതി: 27.02.2017.
2. സ.ഉ.(സാധാ) നം.230/2019/കൃഷി, തീയതി: 05.03.2019
3. സ.ഉ.(സാധാ) നം.355/2019/കൃഷി, തീയതി: 09.04.2019.
4. സ.ഉ.(സാധാ) നം.445/19/കൃഷി, തീയതി: 10.05.2019.
5. ഈ ഓഫീസിലെ 11.03.2019, 28.03.2019,06.05.2019, 11.04.2019, 10.05.2019, 20.05.2019 എന്നീ തീയതികളിലുള്ള എസ്.എ.(2) 2099/1 നമ്പർ സർക്കുലർ.

**ഉത്തരവ് നം.എസ്.ബി.(3) 19850/2019, തീയതി: 28.05.2019.**

പരാമർശം (1) മുതൽ (4) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 2019 വർഷത്തെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റ് അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം (5) സർക്കുലറുകൾ പ്രകാരം 2019 -ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സ്പാർക്ക് മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലംമാറ്റ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേർഡ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 24.05.2019 വരെ ബന്ധപ്പെട്ട മേലധികാരിയുടെ ശുപാർശയോടു കൂടി ഓൺലൈൻ മുഖേന ലഭിച്ച ഈ ഓഫീസിൽ ലഭിച്ച അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ പൊതുസ്ഥലംമാററ അപേക്ഷകൾ സ്പാർക്ക് മുഖേന പ്രോസസ് ചെയ്ത് ലഭിച്ച കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in -ൽ പ്രസിദ്ധീകരിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മറ്റു വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്നതും സ്പാർക്ക് മുഖേന ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാൻ കഴിയാത്തവരുടെ അപേക്ഷകൾ പരിശോധിച്ച് അന്തിമ ലിസ്റ്റിൽ പരിഗണിക്കുന്നതാണ്.

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ കരട് ലിസ്റ്റ് പരിശോധിച്ച് തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലത്തെ ഔദ്യോഗിക മേൽവിലാസത്തിൽ വ്യത്യാസമുള്ള പക്ഷം വിവരം ഈ ഓഫീസിൽ ഇ-മെയിൽ മുഖേന 03.06.2019 5 PM -നു മുമ്പായി അറിയിക്കേണ്ടതാണ്.

കരട് ലിസ്റ്റിന്മേലുള്ള അപേക്ഷകരുടെ പരാതികൾ 03.06.2019 5 PM വരെ agrigeneraltransfer@gmail.com എന്ന ഇ-മെയിലിൽ മാത്രം സമർപ്പിക്കാവുന്നതാണ്. ടി തീയതിക്കു ശേഷം ലഭിക്കുന്ന പരാതികൾ / ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

**ഡയറക്ടർ**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

S.J... Administrative Assistant
Directorate of Agriculture
Vikas Bhavan, Tvpm

ബന്ധപ്പെട്ട ജീവനക്കാർക്ക്
(പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും

**പകർപ്പ്:**

1. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.ടി സെൽ)
   ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ CA
3. കൃഷി ഡയറക്ടറുടെ PA
4. സ്റ്റോക്ക് ഫയൽ / അധികം.

AVN 28.05.2019 Tue